"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പല അക്കൗണ്ടുകളിലായി വിവിധ ഭവന പദ്ധതിക്കായി ലഭിച്ച 1.50 കോടി രൂപ ബാധ്യതയില്ലാതെ സൂക്ഷിച്ചിട്ടുള്ളത് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.354/2021/LSGD തീയതി,തിരുവനന്തപുരം, 09/02/2021

---

പരാമർശം:- 1 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 3/9/2020-ലെ കത്ത്.

2 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04/09/2020 തീയതിലെ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/09/2020-ലെ 4.21-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പല അക്കൗണ്ടുകളിലായി വിവിധ ഭവന പദ്ധതിക്കായി ലഭിച്ച 1.50 കോടി രൂപ ബാധ്യതയില്ലാതെ സൂക്ഷിച്ചിട്ടുണ്ട്. ആയത് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമു ള്ള പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ പ്ലാനിങ്ങ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി

ഈ വിഷയം 23/09/2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ പരിശോധിക്കുകയും, മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാന പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പല അക്കൗണ്ടുകളിലായി വിവിധ ഭവന പദ്ധതിക്കായി ലഭിച്ച 1.50 കോടി രൂപയിൽ ഈ വർഷം PMAY പദ്ധതിയ്ക്ക് ആവശ്യമായി വരുന്ന 44,30,000 രൂപ കഴിച്ച് ബാക്കിയുള്ള 1,05,70,000 രൂപ ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കട്

സെക്രട്ടറി, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.02.09 16:31:04 IST
Reason: Approved
സെക്ഷൻ ഓഫീസർ